ക്കുന്നതിനുള്ള ഫാക്ടറിംഗ് സർവ്വീസ് പദ്ധതിയും സിഡ്കോയിൽ നിലവിലുണ്ട്. വിമൻ ഇൻഡസ്ട്രീസ് പ്രോഗ്രാമിന് അകത്ത് ഗവൺമെന്റ് തരുന്ന പല വിധ ഗ്രാന്റുകളുടെ തുക വർദ്ധിപ്പിച്ച് ഗവൺമെന്റ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ചെറുകിട വ്യവസായങ്ങൾ സപ്ലൈ ചെയ്യുന്ന സാധനങ്ങളുടെ വില കിട്ടുന്നതിനുള്ള കാലതാമസം കൊണ്ട് ഉണ്ടാകുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുവേണ്ടി ഗവൺമെന്റിന് ഇൻഡസ്ട്രിയൽ ഫെസിലിറ്റേഷൻ കൗൺസിലിന് രൂപം നൽകാൻ തീരുമാനിച്ചിട്ടുണ്ട്. ജില്ലാ വ്യവസായ കേന്ദ്രങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് കമ്പ്യൂട്ടർവൽക്കരണം നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. ചെറുകിട വ്യവസായം നേരിടുന്ന സാങ്കേതിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് പല സെക്ടറിലെ വ്യത്യസ്ത സ്ഥാപനങ്ങളുടെ സഹകരണത്തോടുകൂടി സാങ്കേതിക വികസന പദ്ധതികൾ ആവിഷ്കരിക്കാനുള്ള നടപടി എടുക്കുന്നുണ്ട്.

(ഡി) കേരളത്തിൽ വയനാട് ഒഴികെയുള്ള എല്ലാ ജില്ലകളിലും വികസന ഏരിയ, വികസന പ്ലോട്ട് മുഖേന വ്യവസായികൾക്ക് അവർ ആവശ്യപ്പെടുന്നതനുസരിച്ച് വ്യവസായം തുടങ്ങുന്നതിന് ഭൂമി അലോട്ട് ചെയ്തു കൊടുക്കുന്നുണ്ട്.

(ഇ) 37 മണ്ഡലങ്ങളിൽ പാർക്കുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു. ഇവയിൽ 9 എണ്ണത്തിൽ വികസന പ്രവർത്തനങ്ങൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരുന്നു.

(എഫ്) 31-3-2000 വരെ 1917 യൂണിറ്റുകൾ ചെറുകിട വ്യവസായ മേഖലയിൽ പീഡിത യൂണിറ്റായി രജിസ്റ്റർ ചെയ്തിട്ടുണ്ട്.

28 (*148) മുരാരി കമ്മിഷൻ റിപ്പോർട്ട് പൂർണ്ണമായും നടപ്പാക്കുന്നതിന് നടപടി

<u>ശ്രീ. എം. ദാസൻ</u> :
<u>ശ്രീ. കെ.പി. സതീശ്ചന്ദ്രൻ</u> :
<u>ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ</u> :
<u>ശ്രീ. ജോൺ ഫെർണാണ്ടസ്</u> :
<u>ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആഴക്കടൽ മത്സ്യബന്ധനത്തെ സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് നൽകാൻ നിയോഗിച്ച മുരാരി കമ്മിഷന്റെ ശുപാർശകൾ സർക്കാർ പൂർണ്ണമായും നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) ആഴക്കടൽ മത്സ്യബന്ധനത്തിന് കേന്ദ്രഗവൺമെന്റ് വിദേശ ട്രോളറുകൾക്ക് ലൈസൻസ് നൽകുന്നുണ്ടോ;

(സി) എങ്കിൽ സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികളെ ഗുരുതരമായി ബാധിക്കുന്ന കേന്ദ്ര ഗവൺമെന്റിന്റെ നടപടി പിൻവലിക്കണം എന്ന് സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ടോ;

(ഡി) വിദേശ ട്രോളറുകൾക്ക് സംസ്ഥാനത്തെ ആഴക്കടലിൽ മത്സ്യബന്ധനം നടത്തുന്നതിന് വിലക്ക് ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) മുരാരി കമ്മിഷന്റെ റിപ്പോർട്ടിലെ ശുപാർശകൾ പൂർണ്ണമായും നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ?

ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. ടി.കെ. രാമകൃഷ്ണൻ) :

(എ) കേന്ദ്ര സർക്കാർ നടപ്പാക്കിയിട്ടില്ല.

(ബി) നൽകിയിട്ടുണ്ട്. പുതിയ ലൈസൻസ് നൽകുന്നില്ല.

(സി) ഉണ്ട്.

(ഡി) സ്വീകരിച്ചിട്ടുണ്ട്.

(ഇ) സ്വീകരിക്കുന്നതാണ്.

29 (*149) ടെക്സ്റ്റയിൽ കോർപ്പറേഷന്റെ കീഴിൽ പ്രവർത്തിക്കുന്ന സ്പിന്നിംഗ് മില്ലുകൾ

ശ്രീ. എം.കെ. മുനീർ :

ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ :

ശ്രീ. സി. മൊയീൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് ടെക്സ്റ്റയിൽ കോർപ്പറേഷന്റെ കീഴിൽ എത്ര സ്പിന്നിംഗ് മില്ലുകൾ പ്രവർത്തിക്കുന്നുണ്ട്; ഏതെല്ലാം;

(ബി) ഇവയിൽ ഏതെല്ലാം ലാഭത്തിൽ പ്രവർത്തിക്കുന്നു;

(സി) ഏതെല്ലാം നഷ്ടത്തിൽ പ്രവർത്തിക്കുന്നു;

(ഡി) നഷ്ടത്തിൽ പ്രവർത്തിക്കുന്ന മില്ലുകൾ ലാഭകരമാക്കാൻ വേണ്ടി സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) :

(എ) നാല്.

1. മലബാർ സ്പിന്നിംഗ് ആന്റ് വീവിംഗ് മിൽസ്, കോഴിക്കോട്.
2. കോട്ടയം ടെക്സ്റ്റയിൽസ്, ഏറ്റുമാനൂർ
3. പ്രഭുറാം മിൽസ്, ചെങ്ങന്നൂർ
4. എടരിക്കോട് ടെക്സ്റ്റയിൽസ്, കോട്ടയ്ക്കൽ.

(ബി)&(സി) കോട്ടയം ടെക്സ്റ്റയിൽസ് 1999-2000 സാമ്പത്തികവർഷത്തിൽ അറ്റാദായം ഉണ്ടാക്കി. മറ്റ് മൂന്നു മില്ലുകളും നഷ്ടത്തിൽ പ്രവർത്തിക്കുന്നു.

(ഡി) കോർപ്പറേഷന്റെ കീഴിലുള്ള നാല് മില്ലുകളുടെ പുനരുദ്ധാരണത്തിനായി 3,234 ലക്ഷം രൂപയുടെ (മൂവായിരത്തി ഇരുന്നൂറ്റിമുപ്പത്തിനാല് ലക്ഷം) അടങ്കൽ വേണ്ടിവരുന്ന നവീകരണ പദ്ധതികൾ കേരളാ ഇൻഡസ്ട്രിയൽ റിവൈറ്റലൈസേഷൻ ഫണ്ട് ബോർഡിന്റെ ധനസഹായത്തോടെ ആരംഭിച്ചുകഴിഞ്ഞു. പ്രസ്തുത നിധിയിൽനിന്നും അനുവദിച്ചിട്ടുള്ള 2972 ലക്ഷം രൂപയുടെ (രണ്ടായിരത്തിത്തൊള്ളായിരത്തി എഴുപത്തിരണ്ടു ലക്ഷം) വായ്പയിൽ നിന്നും ആദ്യ ഗഡുവായ 473 ലക്ഷം (നാനൂറ്റി എഴുപത്തിമൂന്നു ലക്ഷം) രൂപ കോർപ്പറേഷന് ലഭിച്ചിട്ടുണ്ട്. പുനരുദ്ധാരണ നടപടികൾ 2000-2001 സാമ്പത്തിക

LIBRARY ARCHIVES Kerala Legislative Assembly